**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3964** — **11.11.2019**- ൽ മറുപടിയ്ക്ക്

## സാമൂഹ്യ സുരക്ഷ മിഷൻ പദ്ധതി പ്രകാരം ഡയാലിസിസിന് സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.) |

| | | |
|---|---|---|
| കേരള സാമൂഹ്യ സുരക്ഷ മിഷൻ സമാശ്വാസം പദ്ധതി പ്രകാരം ഡയാലിസിസ് ആവശ്യമുള്ളവർക്ക് ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ കാലതാമസം കൂടാതെ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | സമാശ്വാസം പദ്ധതി പ്രകാരം - വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരാകുന്നവർ, വൃക്ക/കരൾ മാറ്റി- വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകു- ന്നവർ, ഹീമോഫീലിയ രോഗബാധിതർ, അരിവാൾ രോഗ ബാധിതർ എന്നിവർക്കാണ് പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ഒരു കോടി രൂപ വകകൊള്ളിച്ചിരുന്നതിൽ 50 ലക്ഷം രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. വീ കെയർ ഫണ്ടിൽ നിന്നും ഈ സാമ്പത്തിക വർഷം ഇതുവരെ ആകെ 2,11,12,100/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2018 ആഗസ്റ്റ് മാസം മുതൽ പുതുതായി അപേക്ഷിച്ച 2000 ത്തോളം അപേക്ഷകർക്കും നിലവിൽ ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന 6530 ഗുണഭോക്താക്കൾക്കും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**